## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6307 08.11.2016 -ന് മറുപടിയ്ക്ക്

## ദളിത് ക്രൈസ്തവരുടെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി.കെ.ഹരീന്ദ്രൻ<br>ശ്രീ. ജോർജ്.എം. തോമസ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.ജെ.മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | സംസ്ഥാനത്തെ ദളിത് ക്രൈസ്തവർ സാമ്പത്തികമായും സാമൂഹികമായും അവശത അനുഭവിക്കുന്നവരാണെന്ന കാര്യം കണക്കിലെടുത്ത് പ്രസ്തുത വിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തേണ്ടതാണെന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | എ) | പട്ടികജാതിയിൽ നിന്ന് മതപരിവർത്തനം നടത്തിയ ക്രൈസ്തവർക്ക് നിലവിൽ ഉദ്യോഗത്തിലും വിദ്യാഭ്യാസത്തിലും സംവരണം അനുവദി ക്കുന്നുണ്ട്. ഉദ്യോഗത്തിൽ OX വിഭാഗത്തിൽ ഉൾപ്പെടുത്തിയും പ്രൊഫഷണൽ വിദ്യാഭ്യാസ ത്തിൽ SIUC നാടാർക്ക് ഒപ്പവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ Other Backward Christian-ഉം ഒപ്പവുമാണ് സംവരണം അനുവദിക്കുന്നത്. |
| ബി) | ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ദളിത് ക്രൈസ്തവർ നേരിടുന്ന വിവേചനം അവസാനിപ്പിക്കാൻ ശ്രമിക്കുമോ; | ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| സി) | സംസ്ഥാനത്ത് ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | സി) | വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവരെ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിന് സാധാരണ ഗതിയിൽ നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായ വികസന വകുപ്പ് നടപ്പിലാക്കുന്ന ഓവർസീസ് സ്കോളർഷിപ്പ്, എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, അഡ്വക്കേറ്റ്സ് ഗ്രാന്റ്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമോബൈൽ രംഗത്ത് തൊഴിൽ എന്നീ പദ്ധതികളിൽ പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ള പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യം അനുവദിക്കുന്നുണ്ട്. അതിന്പുറമേ കേരള |

സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വായ്പാ പദ്ധതികൾ | പരമാവധി വായ്പ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|---|
| 1 | കൃഷിഭൂമി വായ്പ | 2,00,000 | 5.5% | 100 മാസ തവണകളായി |
| 2 | ഭവനനിർമ്മാണ വായ്പ | 2,00,000 | 5% | 144 മാസ തവണകളായി |
| 3 | ഭൂരഹിത ഭവനരഹിത വായ്പ | 3,00,000 | 5% | 120 മാസ തവണകളായി |
| 4 | ഭവന പുനരുദ്ധാരണ വായ്പ | 50,000 | 6% | 120 മാസ തവണകളായി |
| 5 | വിവാഹ വായ്പ | 1,00,000 | 4% | 60 മാസ തവണകളായി |
| 6 | സ്വയം തൊഴിൽ വായ്പ | 5,00,000 | 6% | 60 മാസ തവണകളായി |
| 7 | വിദ്യാഭ്യാസ വായ്പ | 5,00,000 | 4.5% | 60 മാസ തവണകളായി |
| 8 | വ്യക്തിഗത വായ്പ | 1,00,000 | 8% | 36 മാസ തവണകളായി |
| 9 | സർക്കാർ /അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 10% | 60 മാസ തവണകളായി |

കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.

Chandrika Paul

**സെക്ഷൻ ഓഫീസർ**